(എ) ഔദ്യോഗിക ഭാഷ മലയാളമാക്കിയതിന്റെ ഭാഗമായി വകുപ്പ ദ്ധ്യക്ഷൻമാരുടേയും മറ്റും ഓഫീസുകളുടെ ഇംഗ്ലീഷിൽ ഉള്ള പേരുകൾ മല യാളത്തിലാക്കിയപ്പോൾ പൂർണ്ണമായും മലയാളീകരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) ജലഭവൻ, ക്ഷീര ഭവൻ, പരീക്ഷാഭവൻ, വൈദ്യുതി ഭവൻ, വികാസ് ഭവൻ എന്നീ പേരുകളിലുള്ള "ഭവൻ" എന്നതിനുപകരം "ഭവനം" എന്നാക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) പരിശോധിക്കുന്നതാണ്.

27 (651) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മുഖ്യമന്ത്രി യുടെ ദുരിതാശ്വാസനിധിയിൽനിന്നും എത്ര ലക്ഷം രൂപ വിതരണം ചെയ്തി ട്ടുണ്ട്;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസ ഹായം നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദീകരിക്കുമോ;

(സി) രാഷ്ട്രീയ സംഘട്ടനം മൂലമായുണ്ടായ നാശനഷ്ടങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം നൽകാൻ വ്യവസ്ഥയുണ്ടോ;

(ഡി) രാഷ്ട്രീയ സംഘട്ടനം മൂലമായുണ്ടായ നാശനഷ്ടങ്ങൾക്ക് ഏതെങ്കിലും വ്യക്തികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം മുഖ്യമന്ത്രി യുടെ ദുരിതാശ്വാസനിധിയിൽനിന്നും 5,89,38,480/-(അഞ്ചു കോടി എൺപ ത്തൊമ്പത് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി നാനൂറ്റി എൺപത്) രൂപ വിത രണം ചെയ്തിട്ടുണ്ട്.

(ബി)&(സി) വാർഷിക വരുമാനം 20,000/- രൂപയിൽ കുറവുള്ള രോഗി കൾക്ക് സാധാരണ രോഗങ്ങൾക്ക് 2000/- രൂപയും, ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗങ്ങൾ എന്നിവയ്ക്ക് പരമാവധി 5,000/- രൂപയും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ അപകടമരണം സംഭവിക്കുന്ന മുതിർന്ന ആളിന്റെ ആശ്രിതന് 10,000/- രൂപയും, പ്രായപൂർത്തിയാകാത്തവരുടെ ആശ്രി തർക്ക് 4,000/- രൂപയും നൽകിവരുന്നു. വസ്തുവകകളുടേയും വളർത്തുമൃഗ ങ്ങളുടേയും നാശനഷ്ടത്തിന് പരമാവധി 2000/- രൂപവരെയും അനുവദിച്ചു വരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയെ സംബന്ധിക്കുന്ന നിയമാവലിയുടെ 12-ാം വകുപ്പിലെ കുറിപ്പ് പ്രകാരം വ്യക്തികൾക്കും സ്ഥാപ നങ്ങൾക്കും മുഖ്യമന്ത്രിയുടെ വിവേചനാധികാരം ഉപയോഗിച്ച് അക്രമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും വിധേയരാകുന്നവർക്ക് പ്രത്യേക കേസ്സുക ളിൽ ധനസഹായം അനുവദിക്കാവുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

28 (652) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സഹായം

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസനിധിയിൽനിന്ന് മലപ്പുറം ജില്ലയിൽ എത്രയാളുകൾക്ക് എന്തു തുക സാമ്പത്തിക സഹായം നൽകി എന്ന് വെളിപ്പെടുത്തുമോ;

(ബി) ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം നൽകുന്നതിന് കാലതാമസം വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരി ക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ചികിൽസാ സഹായം അനുവദിച്ച് തുക കൈപ്പറ്റുന്നതിന് മുമ്പ് വ്യക്തി മരിച്ചുപോയാൽ ആ തുക അവകാശികൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മലപ്പുറം ജില്ലയിൽപ്പെട്ട 351 പേർക്ക് 6,33,850/- രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(ബി)&(സി) കാലതാമസം ഒഴിവാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള നിയമപ്രകാരം ചികിൽസാ സഹായം അനുവദിച്ച് തുക കൈപ്പറ്റുന്നതിനുമുമ്പ് രോഗി മരിച്ചുപോയാൽ ബന്ധപ്പെട്ട തഹസീൽദാ രുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ രോഗിയുടെ അടുത്ത ആശ്രിതർക്ക് ധനസഹായം അനുവദിക്കുവാൻ ജില്ലാ കളക്ടർമാർക്ക് അധികാരമുണ്ട്.

29 (653) കാർഗിൽ സംഭവം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഗിൽ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാ നത്ത് ഭീകര പ്രവർത്തനത്തിനെതിരെ ഇന്റലിജൻസ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുമോ;

(ബി) കാർഗിൽ യുദ്ധത്തിൽ അംഗഭംഗം നേരിട്ട ജവാൻമാർക്ക് സംസ്ഥാന ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നതിലേയ്ക്ക് ഒരു പദ്ധതി തയ്യാറാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly